'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.12.2019-ൽ കൂടിയ യോഗത്തിലെ തീരുമാനങ്ങൾ - നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിന്റെ വൃക്കരോഗികൾ ക്ക് ഡയാലിസിസിന് ധനസഹായം നൽകുന്ന പദ്ധതിയ്ക്ക് ഉപാധിയോടെ അനുമതി നൽകി ഉത്തരവാകുന്നു

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

G.O.(Rt)No.7/2020/LSGD തീയതി,തിരുവനന്തപുരം, 01/01/2020

പരാമർശം:- 1 ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.10.2019-ലെ കത്ത്

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.12.2019-ൽ ചേർന്ന യോഗത്തിലെ 4.7-ാം നമ്പർ തീരുമാനം

**ഉത്തരവ്**

നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ നിർധനരായ വൃക്കരോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിന് ആകെ ചെലവിന്റെ 25 ശതമാനത്തോളം തുക നൽകുന്ന പദ്ധതി 2016-17 മുതൽ നടപ്പാക്കുന്നു. ഒരു രോഗിക്ക് ആഴ്ചയിൽ 1000/- രൂപ നൽകുകയും വർഷാവസാനം ഈ പ്രോജക്ടിന് വകയിരുത്തിയിരിക്കുന്ന തുകയുടെ മിച്ചം എല്ലാ ഗുണഭോക്താക്കൾക്കും തുല്യമായി നൽകുന്നതുമായ രീതിയിലാണ് പ്രോജക്ട് നടപ്പാക്കുന്നത്. ഈ വർഷവും പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ഈ പദ്ധതിക്ക് ഓഡിറ്റ് വകുപ്പ് തടസ്സം രേഖപ്പെടുത്തിയിരിക്കുന്നതിനാൽ പ്രത്യേക അനുമതി നല്കണമെന്ന ബ്ലോക്ക് പഞ്ചായത്തിന്റെ അപേക്ഷ 06.12.2019-ലെ കോഓർഡിനേഷൻ സമിതി പരിഗണിക്കുകയുണ്ടായി. രോഗികൾക്ക് നേരിട്ട് തുക നൽകാവുന്നതല്ല എന്നും ഡയാലിസിസ് നടത്തുന്ന ആശുപത്രി മുഖേന ധനസഹായം നൽകുന്ന രീതിയിൽ പ്രോജക്ട് നടപ്പാക്കാവുന്നതാണെന്നും പരാമർശം (2) പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി തീരുമാനിച്ചിട്ടുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകുന്ന പ്രോജക്ട് നം.48/20 രോഗികൾക്ക് നേരിട്ട് തുക നൽകുന്നതിന് പകരം ഡയാലിസിസ് നടത്തുന്ന ആശുപത്രി മുഖേന ധനസഹായം നൽകുന്ന രീതിയിൽ നടപ്പാക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

3. ഓഡിറ്റ് കുറിപ്പിന്മേൽ തുടർനടപടി ആവശ്യമെങ്കിൽ ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമവികസന കമ്മീഷണർ മുഖേന, സർക്കാരിനെ സമീപിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SREEKALA T.P.

UNDER SECRETARY

പകർപ്പ്:പ്രസിഡണ്ട്/സെക്രട്ടറി, നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത്, ഇടുക്കി

ജില്ലാ പ്ലാനിംഗ് ഓഫീസർ, ഇടുക്കി

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം

വെബ്&ന്യൂ മീഡിയ, ഐ&പിആർഡി

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ)വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020.01.?? 14:03:36 IST
Reason: Approved
സെക്ഷൻ ഓഫീസർ